Malappuram District Police

## 02/07/2018 കരുവാരകുണ്ട്

രണ്ടരക്കിലോ കഞ്ചാവുമായി യുവാവ് കരുവാരകുണ്ട് പോലീസിന്റെ പിടിയിൽ.

മലയോരമേഖലയായ കരുവാരകുണ്ട്, കാളികാവ്, എടത്തനാട്ടുകര എന്നിവിടങ്ങളിലെ യുവാക്കളേയും വിദ്യാർത്ഥികളേയും ലക്ഷ്യമിട്ട് ചില്ലറ വിൽപനക്കാർക്കായി വിതരണം ചെയ്യുന്നതിന് രണ്ടരക്കിലോ കഞ്ചാവുമായി എത്തിയ പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര നാലുകണ്ടം സ്വദേശിയായ ചേറിയാടൻ വീട്ടിൽ അബ്ദുസ്സലാം മകൻ ഷാനവാസ് എന്നയാളെ 01.07.2018 ഉച്ചയോട്കൂടി കരുവാരകുണ്ട് കരിങ്കന്തോണി എന്ന സ്ഥലത്ത് വെച്ച് കരുവാരകുണ്ട് സബ് ഇൻസ്പെക്ടർ പി. ജ്യോതീന്ദ്രകുമാറും സംഘവും പിടികൂടി. കരുവാരകുണ്ട് മേഖലയിൽ കച്ചവടം നടത്തിവരുന്ന ചെറുകിട കച്ചവടക്കാരായ ചിലരിൽ നിന്നും ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. വ്യപകമായി ഈ മേഖലകളിൽ കഞ്ചാവ് വിൽപന നടക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ നിരീക്ഷിച്ച് വരികയായിരുന്നു. ലോറി ഡ്രൈവറായ പ്രതി എടത്തനാട്ടുകര ഭാഗങ്ങളിൽ നാളുകളായി ചില്ലറ വിൽപന നടത്തിവരികയാണെന്ന് വിവരം ലഭിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ഡിണ്ടിഗൽ, തേനി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള വൻകിട കച്ചവടക്കാരിൽ നിന്നും ബൈക്കുകളിലും മറ്റും പോയി രണ്ടരക്കിലോ ഉൾക്കൊള്ളുന്ന ഒന്ന് മുതൽ അഞ്ച് വരെയുള്ള പാർസലുകൾ മൊത്തമായും വാങ്ങി 250 ഗ്രാം, 500 ഗ്രാം, 1 കിലോഗ്രാം എന്ന നിരക്കിലും പ്രാദേശിക

കച്ചവടക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് അമിത വില ഈടാക്കി വിതരണം ചെയ്തു വരുന്ന സംഘത്തിലെ പ്രധാന കണ്ണിയാണ് പ്രതി. യുവാക്കളുടെ ബുദ്ധിശക്തിയേയും സർഗ്ഗ ശക്തിയേയും ആരോഗ്യത്തേയും ഗുരുതരമായി ബാധിക്കുന്ന വിപത്താണ് കഞ്ചാവ്. വൻമാഫിയ തന്നെ ഈ മേഖലയിൽ പ്രവൃത്തിക്കുന്നുണ്ട്. കരുവാരകുണ്ട് പോലീസ് സ്റ്റേഷനിലെ സീനിയര് സിവില് പോലീസ് ഓഫീസർമാരായ സെബാസ്റ്റ്യന് രാജേഷ്, രാമചന്ദ്രൻ സിവിൽ പോലീസ് ഓഫീസർമാരായ അജീഷ്, രാജ്മോഹന്, സുധീഷ്, അരുൺ, മുബശ്ശിര് എന്നിവരുൾപ്പെടുന്ന സംഘമാണ് പ്രതിയെ അറസ്റ്റ്ചെയ്തതും തുടരന്വേഷണം നടത്തുന്നതും.